# മുഖം മൂടി

**മുന്നറിയിപ്പ്: ഈ കഥയിലെ അന്യദേശക്കാരും ഇറക്കുമതിചെയ്തതുമായ കഥാപാത്രങ്ങൾ മലയാളത്തിൽ മാത്രമേ സംസാരിക്കുകയുള്ളു എന്ന വസ്തുത ഇതിനാൽ അറിയിച്ചു കൊള്ളുന്നു.**

## ഫ്ലഷിംഗ്സ് ;നെതർലാൻഡ്

കോട്ടയത്തെ കുമാരനല്ലൂരുള്ള മാമച്ചായനും ആംസ്റ്റർഡാമിൽ നിന്നും ഫ്ലഷിംഗ്സിലെക്കുള്ള ട്രെയിനിനും ഒരേ സ്വഭാവമാണ്. കാത്തു നിന്ന് കാര്യങ്ങൾ നടപടിയാകുന്ന ഏർപ്പാട് രണ്ടു പേർക്കമില്ല.

"ഒന്നു പോടാ വ്വേ " എന്നും പറഞ്ഞ് ഒരൊറ്റ പോക്കാണ്. മാമച്ചായനോടും ട്രെയിനിനോടും എനിക്ക് ദേഷ്യമില്ല കാരണം രണ്ടു പേരും കൃത്യനിഷ്ഠയുള്ള ആളുകളാണ്. തമ്മിൽ തട്ടിച്ചാൽ സ്വൽപം ഉഴപ്പൻ ഞാൻ തന്നെയാണ് എന്ന അപ്രസക്തമായ വിവാദ പ്രസ്താവന ഞാനിതാൽ രേഖപ്പെടുത്തുന്നു. കുമാരനല്ലൂരിൽ മാമച്ചായൻ എന്നെ കാണാൻ കാണാതെ പോയാൽ ഞാനിങ്ങ് വീട്ടിലോട്ട് തിരിച്ചു നടക്കും. പക്ഷേ ഫ്ലഷിംഗ്സിലെ ഒരു പോർട്ടിൽ കിടക്കുന്ന കപ്പലിലെ ഉദ്യോഗസ്ഥനായ ഞാൻ സമയത്ത് തിരിച്ച് എത്തിയില്ലങ്കിൽ പണി വീട്ടിലിരിക്കും. കാരണം കമ്പനിയിലെയും കപ്പലിലെയും മുതലാളിമാർ എല്ലാവരും ഓരോ മാമച്ചൻമാരാണ്. പണി പാലും വെള്ളത്തിലല്ല;ഉണ്ണുന്ന ചോറിൽ തന്നെക്കിട്ടും. അങ്ങനെയൊക്കെ ആലോചിച്ചു കൊണ്ട് യൂറോപ്പിലെ ഒരു റെയിൽവേ സ്റ്റേഷനിൽ വിജനമായ പ്ലാറ്റ്ഫോമും കാലിയായ ടിക്കറ്റ് കൗണ്ടറുകളും നോക്കി വായും പൊളിച്ച് നിന്നപ്പോഴാണ് ഞങ്ങടെ നാട്ടിലെ മേൽപ്പാലത്തിനു താഴെ ബജിക്കട നടത്തുന്ന ഹുക്കും സിംഗിന്റെ ശേലിൽ മുഖമുള്ള ഒരാളെ ഞാൻ കാണുന്നത്.ഹുക്കും സിംഗിന് ചെറിയ കണ്ണും ഇടിച്ചു പരത്തിയ മൂക്കുമാണ്. മോമോസ് എന്ന അതിഭയങ്കരനായ ടച്ചിംഗ്സ് ആദ്യമായി ഞങ്ങടെ നാട്ടിൽ ഉണ്ടാക്കിയവൻ. എത്ര മോമോസ് തിന്നാലും മൂന്നാമത്തെ ഗ്ലാസ് വിഷ വെള്ളം അകത്തുചെന്നാൽ അവൻ എനിക്ക് നാഗാ തീവ്രവാദിയാണ്. ഹുക്കുമിന്റെ മോമോസ് ആവി പറത്തെട്ടെ. ഹുക്കമിന്റെ മുഖഛായ കോപ്പിയടിച്ച ആ അവനോട്  ഞാൻ മിണ്ടാതെ നിൽക്കാൻ ശ്രദ്ധിച്ചു. പ്ലാറ്റ് ഫോറത്തിൽ ഒരു തരം വിങ്ങലോടെ ചാടി മരിച്ച ചങ്ങായിമാരുടെ ആത്മാക്കളുമായി കളിച്ചും ഓടിയും നടന്ന ഏകാന്തത പേടിപ്പെടുത്താൻ തുടങ്ങിയത് ആ മൗനത്തിന്റെ

ഒരറ്റത്തു നിന്നും പിടിച്ചു കയറിക്കൊണ്ടാണ്.

അല്ലങ്കിലും ഏകാന്തകൾ അങ്ങിനെയാണ് നമ്മൾ എത്രയതിനെ സ്നേഹിച്ചാലും അത് നമ്മളെ തിരിച്ചു സ്നേഹിക്കാൻ വലിയ പാടാണ്. ഇനി തിരിച്ചും ഒരു പ്രണയം മൊട്ടിട്ടു എന്നിരിക്കട്ടെ അതിൽ വിരിയുന്ന പൂക്കൾക്ക് ചിന്തകൾ കത്തിയ ഒരു ചിതയുടെ മണമുണ്ടാവും.ആ മണം ചിലപ്പോൾ ആഴത്തിൽ ശ്വസിച്ച് മരിക്കാനാവും ചിലരുടെ വിധി. ചിലർ ആ മണത്തിന് അടിമപ്പെട്ട് മരണം കാത്തു കിടക്കുമ്പോൾ പലതും പുലമ്പും ചിലത് കഥകളാകും ചിലത് കവിതകൾ. ഇതൊക്കെക്കാണുന്നവർ അവരെ ഉൻമാദിയെന്നും വിഷാദിയെന്നും പറഞ്ഞു ചിരിക്കും. പക്ഷേ അവരും അറിയുന്നില്ല ഏകാന്തതകളുടെ പ്രണയത്തിന്റെ ചൂരും ചൂടും. കൊണ്ടങ്ങു പോകും! എന്നിട്ട് മരണത്തിലും തീരാത്ത ജീവന്റെ ഒരു ഒറ്റപ്പെട്ട ഇരുളിയിൽ ചിന്തകൾ കൊണ്ട് ബന്ധിക്കും.അതങ്ങനെ കെട്ടുപിണഞ്ഞ് പെറ്റും പെരുകിയും ചത്തും ചീഞ്ഞും കുമിഞ്ഞുകൂടടിക്കൊണ്ടിരിക്കും!!...

പിന്നായം വന്ന ചങ്ങായി "ഹലോ " എന്നു നീട്ടി വിളിച്ചപ്പോളുണ്ടായ ഞെട്ടൽ നട്ടെല്ലിൽ തട്ടി പരലോകം താണ്ടിയിരുന്ന എന്നെ വലിച്ചു കൂട്ടി കാലിലടിച്ചു തിരിച്ചു കൊണ്ടുവന്നു.

നാട്ടിലായിരുന്നേൽ " ഫാ!!!പേടിപ്പിക്കുന്നോടാ പരനാറീ! എന്നും ചോദിച്ച് ഒറ്റയടിക്ക് അവനെ മറിച്ചേനേ. പക്ഷേ ഇത് സ്ഥലം വേറയാണ്. ഞാനൊരു മലയാളിയും. സാഹചര്യത്തിനൊത്തു മാറാനും പെരുമാറാനുമുള്ള മുഖം മൂടികൾ നമ്മൾ വിദേശയാത്രക്കു പോകുമ്പോൾ കരുതാറുണ്ട്. നാട്ടിൽ അടിച്ചു കോൺ തിരിഞ്ഞു നടക്കുന്ന ഹരിച്ചേട്ടൻ അമേരിക്കയിൽ കൗൺസിലറാണ്. സൗദിയിൽ കള്ള ടാക്സി ഓടിക്കുന്ന ജോണിച്ചൻ ഇവിടെ ജോണി കൊച്ചേട്ടനാണ്. ഡെയ്‌ലി വേജസിന് സായിപ്പിന്റെ പറമ്പു വൃത്തിയാക്കുന്ന സരയണ്ണൻ നാട്ടിൽ വന്നാൽ ഒരു കരിയില കുനിഞ്ഞ് എടുക്കത്തില്ല. എന്തിന് വല്ലോനോം പറയണം  കടലിലെയും കപ്പലിലെയും എല്ലാ നിയമങ്ങളും നൂലിട വ്യത്യാസമില്ലാതെ പാലിക്കുന്ന ഞാൻ വീട്ടിൽ വന്നാൽ പിന്നെ കന്നം തിരിവുകേടേ കാണിക്കൂ.അങ്ങനെ പോണൂ ഓരോ കാര്യങ്ങ ളുടെ നീണ്ട പട്ടിക..

"ഹലോ അമീഗോ..." ഞെട്ടി നിന്ന എന്നെ ഒരു ചിരിതന്നു കൊണ്ട്സമാധാനപ്പെടുത്താൻ പാടുപെട്ടു കൊണ്ടവൻ നിന്നു. എവിട നിന്നോ വന്ന  ഒരു ചിരിയുടെ മുഖം മൂടി ഫിറ്റ് ചെയ്ത് ഞാനും നിൽക്കുന്നതിനിടെ അവൻ ചോദിച്ചു,

"നിങ്ങളും സീമനാണോ " ?

കാലിയായ പ്ലാറ്റ് ഫോറത്തിൽ ആരൊക്കയോ ചേർന്ന് ചിതറിത്തെറിച്ച പേപ്പറുകഷ്ണങ്ങൾ തട്ടിക്കളിക്കുന്നതു പോലെ തോന്നിയ ഞാൻ ഒരു ചെറിയ ഭയപ്പാടോടെ പറഞ്ഞു.

"അതെ ... എങ്ങനെ മനസ്സിലായി "?

ത്രികാലജ്ഞാനം പോലത്തെ അതിർത്തി വിട്ട എടാപാടു വെല്ലതുമാണോ എന്നു സംശയിച്ചു നിന്ന എന്നോട് പറഞ്ഞു.

"നിങ്ങൾ കമ്പനി ലോഗോയുള്ള ബാഗല്ലേ തോട്ടത്തിരിക്കുന്നത്. "

"മാത്രമല്ലടോ " എന്നും മനസ്സിൽ പറഞ്ഞ്  ഐ ഡി ക്കാർഡ് അവനു നേരേ നീട്ടിക്കൊണ്ടു പ്പറഞ്ഞു,

" ഓ അങ്ങനെ, ഫ്ലഷിംഗ്സിന് പോകാൻ ട്രെയിൻ നോക്കി നിൽക്കുന്നു."

സ്വൽപം വിട്ടുള്ള ,ഒട്ടും ആത്മാർഥതയില്ലാത്ത ചിരിയും വിജനമായ പ്ലാറ്റ് ഫോറത്തിൽ അവിടിവിടെ നോക്കി സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു കൊണ്ടിരുന്ന അയാൾക്ക് എന്നയും മനസ്സിലായിക്കാണും.

റെയാൻ അവന്റെ ഐഡി കാർഡ് എനിക്ക് നീട്ടിക്കൊണ്ട്പ്പറഞ്ഞു,

"ഞാനും അങ്ങനെ തന്നെ. ഇനി ട്രെയിൻ ഉണ്ടന്ന് തോന്നുന്നില്ല. ടാക്സിയോ മറ്റോ നോക്കാം... നിങ്ങളും ഫെയർ ഷെയർ ചെയ്യുവാണ് എങ്കിൽ ഒരു മണിക്കൂറിൽ ഫ്ലഷിംഗ്സ് എത്താം."

നല്ല ബുദ്ധി. അയാളും ഒരു സീമനാണന്ന് ബാഗും ഐ ഡി ക്കാർഡും കണ്ടു ബോധിച്ച ഞാൻ നീട്ടിയൊരു ഉറച്ച കൈ കൊടുത്തുകൊണ്ടു പറഞ്ഞു,

"ഞാൻ ഗോവിന്ദ് , വളരെ സന്തോഷം"...

എന്റെ പേര് പറയാൻ പല തവണ ശ്രമിച്ച് നാക്കിൽ കെട്ടുപിണഞ്ഞു  വട്ടം തിരിഞ്ഞ ആ ഫിലിപ്പിനോ സെയ്ലർ  പറഞ്ഞു,

" ഞാൻ റയാൻ ഗോമ്സ് നോർത്ത് പിയറിലെ താങ്കളുടെ കപ്പലിനു മുന്നിൽ കെട്ടിയിരിക്കുന്ന കപ്പലിലെ സെയ്ലറാണ്....

"പ്ലീസ്ഡ് ടു മീറ്റ് യൂ റെയാൻ "...

കയ്യിൽ ആകെ എൺപത് യൂറോയേ ഉള്ളങ്കിലും ജാടക്കും പത്രാസിനും ഞാനും കുറച്ചില്ല..യൂബറിൽ ഒരു ടാക്സി റെയാൻ ബുക്ക് ചെയ്തപ്പോൾ കൈയ്യിലെ നാൽപ്പത് യൂറോ ഞാൻ കൈമാറി.

പൊതുവേ ഫിലിപ്പിനോ സെയ്‌ല്ലേഴ്സ് മഹാ തല്ലിപ്പൊളികളാണ് എന്നാണ് വെപ്പ്. ഞാൻ കേട്ട സംഭവങ്ങളിലെല്ലാം ഫിലിപ്പീനികൾ കിട്ടുന്ന കാശിനു മുഴുവൻ കള്ളുകുടിക്കും പെണ്ണുപിടിക്കും. മാർക്കറ്റിൽ ഇറങ്ങുന്ന എല്ലാ പുതിയ മൊബൈൽ ഫോണുകളും മുന്തിയ മോഡൽ നോക്കി വാങ്ങിക്കും.ജീവിതം യാതൊരു ലക്ഷ്യവുമില്ലാതെ ജീവിച്ചു തീർക്കും. അടിപിടി,കുത്തിവെയ്പ്പ്, സ്പ്ലിറ്റ് അടി തുടങ്ങിയ എല്ലാ പരിപാടികളിലും ഒന്നാം ബഞ്ചിലാണ് റെയാന്റെ കൂട്ടർ എന്നാണ് നിലവിൽ ഉള്ള അറിവ്. പക്ഷേ ഇങ്ങേര് കുറച്ച് വേറെ രീതിയാണ്. കഴുത്തിൽ ഒരു കൊന്ത. നല്ല ഇടപെടൽ. കേട്ടുകേൾവികൾ തെറ്റാം. വഴി നീളെ റയാൻ കപ്പലിലെ വിശേഷങ്ങൾ പറഞ്ഞു കൊണ്ടിരുന്നു. ശമ്പളം, നീക്കിയിരിപ്പ്, കുടുംബം, കർത്താവ് ഈശോ മിശിഹ, അങ്ങനെയങ്ങനെ ഒരു പാട്. അവൻ പറഞ്ഞതിന് മറുപടിയായി ഓരോ മുഖം മൂടികൾ ഞാൻ മാറി മാറി വെച്ചു മടുത്തു.

അവൻ എന്റെ വീട്ടുകാര്യങ്ങളോ, ഇതര ചിന്താരീതികളോ ഒന്നും തന്നെ കാര്യമാക്കിയില്ല. ഞങ്ങൾ തമ്മിൽ ചേരാത്ത അഭിപ്രായങ്ങൾ വരെ അവൻ ഒരു ചിരിയോടെ ഏറ്റുവാങ്ങി.

യാത്ര നീളുകയാണ്. നീണ്ടു നീണ്ട്. ഫ്ലഷിംഗ്സ് എത്തിയത് അറിയാതെ ഉറങ്ങിപ്പോയ എന്നെയവൻ തട്ടി വിളിച്ചു. ഞങ്ങൾ ഗേറ്റു താണ്ടി കപ്പലിലേയ്ക്ക് നടക്കും വഴി അവൻ പറഞ്ഞു,

" എനിക്ക് സെയ്‌ലിംഗ് ഇഷ്ടമല്ല "

ചിലപ്പോഴൊക്കെ പല ചോദ്യങ്ങളും നോട്ടത്തിലൂടെയാണ്  ചോദിക്കുന്നത്.

അവൻ തുടർന്നു,

"നാട്ടിൽ പോണം. അവിടെ ഒരു ഹോട്ടൽ തുടങ്ങണം.. കൂട്ടുകാരിയെ കല്യാണം കഴിക്കണം. പിന്നെ അങ്ങനെ ജീവിക്കണം."

കടലിൽ നീണ്ടു നിവർന്നു കിടക്കുന്ന ഏകാന്തതകൾക്കിടയിലെ അവന്റെ മടുപ്പ് വ്യക്തമായിരുന്നു. അവന് ഒരു " ഓൾ ദി ബെസ്റ്റ് " മാത്രം പറഞ്ഞ് ഞാൻ കപ്പലിലേയ്ക്കുള്ള ഏണിപ്പടി കയറിയപ്പോൾ റെയാൻ പറഞ്ഞു, " വീണ്ടും കാണാം മിസ്റ്റർ"!!

ഞാൻ ഒരു മുഖം മൂടി കൂടി മാറി വെച്ചു കൊണ്ട് പറഞ്ഞു,

" ലോകം വളരെ വലുതാണ് റെയാൻ... നോക്കാം "!!!...

തിരിഞ്ഞു നോക്കാതെ ഉള്ള അവന്റെ നടത്തത്തിൽ, ഏകാന്തതകളുമായി മല്ലടിക്കാൻ പോകുന്ന ഒരു സ്വപ്നജീവി ചിറകടിക്കുന്നതായി എനിക്ക്

തോന്നി. അവനുമായുള്ള സംഭാഷണം അവിടെയുപേക്ഷിച്ച് ഞാനും രാത്രിയെ ഉറക്കളപ്പോടെ പരിണയിച്ചു.പിന്നെ ക്ഷീണിതനായി കിടക്കയിൽ സ്വപ്നങ്ങളോട് കഥകൾ പറഞ്ഞുറങ്ങി. ഒരു ദിവസം കൂടി നിന്ന പോർട്ട് ഓപ്പറേഷനു ശേഷം  കപ്പൽ യാത്ര തിരിച്ചു. അലയാഴിയുടെ ആഴങ്ങൾക്കു മുകളിലൂടെ ആൽബട്രോസുകൾ കൂടെപ്പറന്നു.അവരോടൊപ്പം ഞങ്ങളും ഒരു മറുകര തേടി.

**<u>സാന്റോസ്, ബ്രസീൽ</u>**

യൂറോപ്പിന്റെ ഇടുക്കിൽ നിന്നും ബ്രസീലിന്റെ വിശാലതയിലേയ്ക്ക് പതിനൊന്നു നാളുകൾ. രാത്രി കാലങ്ങളിൽ അവിടെ കാർഗോ ഓപ്പറേഷൻ നടക്കാറില്ല. അതുകൊണ്ടുതന്നെ രാത്രി കാലത്തിലെ സാന്റോസ് എന്ന പോർട്ടിന്റെ പേരെടുത്താൽ എ ബി സി എന്ന ക്ലബ്ബിനെക്കുറിച്ചും പറയണം. കോട്ടയത്തു വന്നിട്ട് കുമരകത്ത് പോകാതെ മടങ്ങിയാൽ ഏതൊരു യാത്രക്കാരനെയും അതൊന്നു കൊളുത്തി വലിക്കുന്ന പോലെയാണത്.

പഴയ കാലത്തെ പ്രൗഢിയുടെ ; ധാരാളിത്തത്തിന്റെ ;സൗന്ദര്യ സങ്കൽപ്പങ്ങളുടെ ഒരു ഈറ്റില്ലമായിരുന്നു അവിടം. സെയ്ലേഴ്സ് ഉൾപ്പടെ ഒരു പാട്  കാമുകൻമാർ തന്റെ കീശക്കൊതുകുന്ന സുന്ദരിമാരെ തേടിയ ഇടം. ഒരു കണക്കിനു നോക്കിയാൽ അതൊക്കെയാണ് സ്മാരകങ്ങൾ. വന്നവരുടേയും പോയവരുടേയും നിന്നു പോയവരുടയും കഥകൾ പറയുന്ന ചില വലിയ ജീവിതത്തിലേയ്ക്ക് തുറക്കുന്ന ചെറിയ ഇടനാഴികൾ. എന്നും കാർണിവൽ ആഘോഷിച്ചിരുന്ന ഒരു സ്ഥലം. വിളവെടുപ്പും കൊയ്ത്തും എല്ലാം അവിടുത്തെ ഇരുണ്ട മുറികളിൽ എത്രയോ തവണ നടന്നിരിക്കുന്നു. കണ്ണീരും സീൽക്കാരവും ഗദ്ഗദങ്ങളും എല്ലാം ആ ഇടനാഴിയിലെ വിള്ളലുകളിൽ ഇന്ന് ശ്വാസം പിടിച്ചു പമ്മിയിരിക്കുന്നു.അവിടമാകെ ഇന്നിരുട്ടാണ്. വിജനം. വില കുറഞ്ഞ സിഗരറ്റും വലിച്ചിരിക്കുന്ന ഒരു അമ്മാമ്മയും;ഷോലെ സീസണിലെ ഹിന്ദി സിനിമകളുടെ ഒരു നിര സി ഡി യുമായി ഇരിക്കുന്ന ഒരു വയസ്സനും മാത്രം. ,ഒരിക്കലും സ്വന്തം പേരു പറയാത്ത ഹിന്ദി സംസാരിക്കുന്ന അയാളെ ഞാൻ  അമിതാബ് എന്നു വിളിച്ചപ്പോൾ അയാൾ എന്നെ നോക്കി ചിരിച്ചതു മാത്രമേയുള്ളൂ. അവർ അവരവരുടെ ജീവിതവുമായി ബന്ധപ്പെട്ട സംഭവ വികാസങ്ങളുമായി പൊരുത്തപ്പെട്ടവർ മാത്രമായിരുന്നു.

കുറേ നാളുകൾക്ക് മുൻപ് ക്ലബ്ബിൽ നടന്ന ഒരു തർക്കത്തിൽ ആരോ ആരെയോ വെടിവെച്ചു. ചിലർ  കൊന്നു! പലരും ചത്തു! അതോടെ ക്ലബ്ബ് പൂട്ടി. അവിടെയാകെ ഇപ്പോൾ ഒരു ഇരുട്ടാണ്.എന്നിരുന്നാലും ആ അമ്മാമ്മയെ ഒന്നു കാണാതിരിക്കാൻ പറ്റില്ല. ഒരു മൂടുപടങ്ങളും സൂക്ഷിക്കാത്ത പച്ചയായ ഒരു വയസ്സി.മെനോപ്പോസിനിപ്പുറം കണ്ട നിറകാഴ്ചകളും ആ

വരമ്പിനപ്പുറമുള്ള ഒറ്റപ്പെടലിലും മുങ്ങിത്താഴുന്ന ആ അമ്മച്ചിയെ നോക്കി ആരും വരാനില്ല. അവരുടെ സൗന്ദര്യ കാലത്തെ  സെയ്‌ലറുമാരുടെ പേരുപറഞ്ഞ് അവർ ഒരു പാട് കഥകൾ പറയും.പിന്നെച്ചിരിക്കും മടുക്കുമ്പോൾ കുറേ കരയും.കണ്ണു തുടക്കും. മുഷിഞ്ഞു തൂങ്ങിയ ഉടുപ്പിൽ മുക്കു ചീറ്റും പിന്നെ മാപ്പു പറയും.

ബിയർ കുപ്പിയുടെ ഒരു വശത്തിരുന്ന അവരുടെയടുത്ത് പലപ്പോഴും ഞാൻ ആ " സോറി " യെക്കുറിച്ച് ചോദിച്ചിട്ടുണ്ട്. അവർ മറുപടി പറഞ്ഞിട്ടില്ല. അവർ ഓർമകളുടെ മാറാപ്പ് കൂട്ടിക്കെട്ടി മിണ്ടാതെയിരിക്കും. ഒരു പാട് നേരം.അവരുടെ ഓർമകളുടെ പുൽപരവതാനിയിൽ അവർ അങ്ങനെയങ്ങ് ഇരിക്കും. ഇമ പോലും ഒന്നു വെട്ടാതെ. കണ്ടാൽ ചത്തുപോയി എന്നു തന്നെ പറയും. അങ്ങനെ കുറേ നേരം...

അവരുടെ അടുത്തു നിന്നും യാത്ര പറയാതെ ഞാനിറങ്ങി നടന്നു.അടുത്തുള്ള ടോപ്പാസ് പബ്ബിൽക്കയറി സീറ്റുറപ്പിച്ചു.നല്ല " ണ്ടം ണ്ടം ർട്ടം" വെച്ചുള്ള പാട്ട്. ഒളിവെട്ടങ്ങൾക്ക് കൈയ്യും കാലും മുളച്ച് അസാമാന്യമായ നീളം വെച്ചു വരുന്നു.അതിൽ ചിലത്എന്നെത്തട്ടി നിന്നപ്പോൾ മറ്റു ചിലവ എന്നിലൂടെ അരിച്ചിറങ്ങി.

അങ്ങനെയിരുന്നപ്പോൾ പിച്ചർ ബിയറിന്റെ ഗ്ലാസിനിടയിലൂടെ ഒരു കൈ നീണ്ടു വരുന്നു. പരിചയമുള്ള ഒരു കൈ. പരിചയമുള്ള ഒരു മുഖം.റെയാൻ; അല്ല ഹുക്കും; അല്ല അത് റെയാൻ തന്നെയാണ്. അവൻ ചിരിക്കുന്നു. ഹലോ എന്നുറക്കെ പ്പറയുന്നു.ലോകം ഇത്ര ചെറുതാണോ എന്നാണ് ആദ്യം ഞാൻ ചിന്തിച്ചത്. അടുത്തുള്ളവരെ ഞാൻ മാസങ്ങളോളം കാണാതിരിക്കുന്നു. മൈലുകൾ അകലത്തിൽ ഫിലിപ്പീൻസിലെ ദവാവോ സിറ്റിയിലുള്ള റയാൻ ഗോമസിന് പതിനഞ്ച് ദിവസത്തിനുള്ളിൽ രണ്ടാം തവണ കൈ കൊടുക്കുന്നു.

അവൻ പറഞ്ഞു തുടങ്ങി;

"നിങ്ങൾ എന്റെ പിന്നാലെ തന്നെയുണ്ടല്ലേ സുഹൃത്തേ " ?

ബിയറിന്റെ പത ഐസ് ടോപ്പിംഗ് തുടച്ചു മാറ്റുന്നതു പോലെ തൂത്തു മാറ്റിയ ഞാൻ ടിഷ്യൂ പേപ്പർ ചുരുട്ടിക്കൊണ്ടു പറഞ്ഞു,

"നമ്മൾ നമ്മളെത്തനെ തുരത്തുന്നതു പോലെ. അല്ലേ റയാൻ? "!

കൂട്ടത്തിനിടയിൽ നിന്നും ഒരു സുന്ദരിയുടെ കൈപിടിച്ചു നീട്ടിക്കൊണ്ടവൻ പറഞ്ഞു; " ഇവളാണ് ഞാൻ പറഞ്ഞ പെണ്ണ്."

മുക്ക് പതിഞ്ഞ മറ്റൊരു ഫിലിപ്പീനിയൻ സുന്ദരിയെ നോക്കിയിരുന്ന എനിക്ക്

മുന്നിൽ ഒരു ലാറ്റിൻ അമേരിക്കൻ സുന്ദരി 'ഹായ് 'പറഞ്ഞു നിന്നു.

'ഇതൊക്കെ എങ്ങനെ സാധിക്കുന്നു എന്റെ പൊന്നേ' എന്ന മട്ടിൽ അവനെ ഞാനൊന്നു നോക്കി.

" ജസ്റ്റ് ഹാപ്പൻഡ് " എന്നു മാത്രം മറുപടി പറഞ്ഞ് അവൻ എന്നെയും കൂട്ടി പുറത്തേക്ക് നടന്നു.

നമ്മുടെയൊക്കെ നാട്ടിലെ ഒരു ഏർപ്പാട് അവനെ ധരിപ്പിക്കാൻ ഞാൻ പാടുപെട്ടു. ഒരു മാസത്തിനു ശേഷം അവൻ അവളെയും കൂട്ടി ദവാവോയിലേയ്ക്ക് പറക്കാൻ ഒരുങ്ങുന്ന തിരക്കിലായിരുന്നു. വന്നു കണ്ട് കൂടിയവരുടെ ചിറകിനടിയിൽ ഇടം പിടിച്ച് അവളും ഒരു രക്ഷപെടലിന് അവസരമൊരുങ്ങിയ സന്തോഷത്തിലായിരുന്നു.അവർ ആർത്തിയോടെ വലിച്ച സിഗരറ്റുകുറ്റികൾ വലിച്ചെറിഞ്ഞു. പിന്നെ അകത്തേയ്ക്ക് കയറിപ്പോയി. രാത്രി തളർന്നു തുടങ്ങിയിരുന്നു. അവൻ അവളോടൊപ്പം പോകുന്ന വഴി എന്നെ പോർട്ടിന്റെ വാതിൽക്കൽ ഇറക്കി.ഇത്തവണ സംഗതി 'മുഫ്ത് 'ആയിരുന്നു. ഇരുളിന്റ ഒരു വലിയ അറയിലേയ്ക്ക് അവർ ബ്രൂണോ മാഴ്സിനൊപ്പം ' ഹലേലുയ' എന്ന പാട്ടും പാടി വണ്ടിയോടിച്ചു പോകുന്നതും നോക്കി കുറച്ചു നേരം നിന്ന ഞാൻ കള്ളുകുടിയന്റ മുഖം മൂടിയഴിച്ച് ഹൃദയത്തിലൊളിപ്പിച്ച് കപ്പലിലേയ്ക്ക് തിരിച്ചു നടന്നു. റെയാൻ ഗോമസിന്റെ സീൽക്കാരങ്ങൾ ആ തെരുവിൽ കാറ്റിനൊപ്പം മൂളി നടക്കുന്നതായി എനിക്ക് തോന്നി. ഓരോ തെരുവിളക്കിന്റെ കീഴിലുമിരുന്ന് .അമിതാബും പിന്നെ ആ അമ്മാമ്മയും എന്നെ തുറിച്ചു നോക്കിയിരിക്കുന്നതായിട്ടൊക്കെ വേറുതേ എനിക്ക് തോന്നുന്നുണ്ടായിരുന്നു. ഒരു പാട് ആലോചിക്കാൻ നിന്നില്ല. ഒരു മാസം കഴിഞ്ഞാൽ എന്റെയും അഞ്ചു മാസ ശിക്ഷാ കാലയളവ് തീരുകയാണ്.

**<u>ഹീത്രോ എയർപോർട്ട് ടെർമിനൽ, ലണ്ടൻ</u>**

ബ്രസീലിൽ നിന്നും മടക്കയാത്ര ലിവർപൂളിലേയ്ക്ക്. എണ്ണിപ്പറഞ്ഞതുപോലെ എന്റെയും കലണ്ടർ വെട്ട് നാളുകൾ തീർന്നിരുന്നു.നഗരങ്ങളുടെ തീക്ഷ്ണതയിലും ജോലിത്തിരക്കുകളുടെ ക്ഷീണവും എല്ലാം കൊണ്ടും ജീവിതം ഒരു മാറ്റത്തിനായി മുറവിളികൂട്ടിക്കൊണ്ടിരുന്നു,.കണ്ടിട്ടും തീരാത്ത കാഴ്ചകൾ മാത്രമാണ് ഒരു സമാധാനം.കപ്പലിന്റെ ലോഹപ്പാളികളിൽ നിന്നും സ്വതന്ത്രനായ ഞാൻ ബ്രിട്ടീഷ് മണ്ണിൽ  ഇറങ്ങി നിന്നു. ചില ഭാരങ്ങൾ തോളിൽ നിന്നും ഒഴിഞ്ഞു പോയ പോലെ. കപ്പലിലെ ആളുകൾ കൂട്ടത്തോടെ കൈ വീശി യാത്ര തന്നു. ഏകാന്തതകൾ ഒറ്റക്കനുഭവിക്കുമ്പോൾ മുഖം മൂടികളുടെ ആവശ്യമില്ല എന്നാരോ പറഞ്ഞത് ഞാനുമോർത്തു. ടാക്സി ഓടിത്തുടങ്ങി.അറിയാവുന്നവരായി ആരുമില്ല. എല്ലാം എല്ലാം

പിന്നോട്ടോടുന്നു. ഓർമകളും ചിന്തകളും മാത്രം മുന്നോട്ടും. ഹീത്രോ ടെർമിനൽ വരെ വണ്ടിയെത്തിയത് ഞാനറിഞ്ഞില്ല. സായിപ്പ് കൈ തന്ന് കൂടെ ആശംസകൾ പറഞ്ഞു. ടിക്കറ്റ് കൗണ്ടറിൽ പോയി എന്റെ യാത്രാപേപ്പറുകൾ കൈമാറി . രണ്ടു ബോർഡിംഗ് പാസ്സുകൾ ഹീത്രോ - ദുബായ് - ദുബായ് - കൊച്ചിൻ. കൊച്ചി എന്നു വായിച്ചപ്പോൾ  ഒരു സന്തോഷം. കസ്റ്റംസിൽ പോയി ഉച്ചി മുതൽ പെരുവിരൾ വരെ സ്കാൻ ചെയ്തു. സീമൻ ആണന്നുള്ള തെളിവിന്  ഡിസ്ച്ചാർജ് ബുക്ക് കാണിച്ചപ്പോൾ ഇമിഗ്രേഷൻ കൗണ്ടറിൽ ഒരു അതിശയം. കടലിനെയും കപ്പലിനെയും കുറിച്ചുള്ള ചോദ്യങ്ങൾ ഉത്തരം പറഞ്ഞ് കൈ കൊടുത്ത് പിരിഞ്ഞു.  ആ ഒരു സമയത്ത് ഹിത്രോ എയർപ്പോർട്ടിൽ സിഗരറ്റു വലിക്കാൻ പറ്റില്ല എന്ന വിവരം ആരും പറഞ്ഞില്ല. നല്ല തണുപ്പത്ത് ഒരു കഫേ റം പിന്നെ ഒരു പുകക്കുറ്റി ഇതു രണ്ടും സുഖമുള്ള ഒരു ഇടപാടാണ്. ലോക്കൽ തൂപ്പുകാരോട് ചോദിച്ചു മടുത്ത് ഞാനും വലഞ്ഞു. ഒടുക്കം പത്തു പൗണ്ട് കൊടുത്ത് ഒരു കടയുടെ പിന്നായം ഒരു ചെറിയ ഇരുട്ടിലേയ്ക്ക് നീളുന്ന കോവണിപ്പടികളിൽ ആത്മാർഥമായി പുക തൊടുത്തുവിട്ടു കൊണ്ടു നിന്നു. ഇരുളിന്റെ അങ്ങേ തലക്കൽ ചെറിയ അടക്കം പറച്ചിലുകൾ.ആരോ രണ്ടു പേര് എന്തോ ഒളിപ്പിക്കുകയാണ്. ആരാണ് എന്നൊന്നും അറിയില്ല. പയ്യെ സിഗരറ്റ് കുത്തിക്കെടുത്തി ഞാൻ പുറത്തിറങ്ങി കടക്കാരനായ സായിപ്പിൻ കുഞ്ഞിനോട് കാര്യം പറഞ്ഞു. അവൻ എന്നെ ആൾക്കൂട്ടത്തിലേയ്ക്ക് നടത്തി വിട്ടു കൊണ്ട് ഫോണിൽ ആരേയോ വിളിച്ചു. ഒച്ചയും ബഹളവുമില്ലാതെ കോട്ടും സൂട്ടുമിട്ട കുറച്ചു പേര് വന്ന് ആളുകളെ ഒതുക്കി മാറ്റി. ആൾക്കൂട്ടത്തിന്റെ  മുൻ നിരയിൽ നിൽക്കാൻ ഞാൻ പാടുപെട്ടു.കുറച്ചു പേര് തോക്കുമായി ആ പടിയിറങ്ങിപ്പോയി. ഇപ്പ പ്പൊട്ടുമെന്നു വിചാരിച്ച വെടിയൊച്ച കേട്ടില്ല.അവർ തിരികെ ഒന്നും സംഭവിക്കാത്ത മട്ടിൽ ഇറങ്ങി വന്നു. അവരുടെ പിന്നാലെ ഒരു പുരുഷനും സ്ത്രീയും കൈയ്യിൽ വിലങ്ങുമായി നിന്നു. മൂന്നാമതായി റെയാൻ ഗോമസിനെ കാണും എന്നെനിക്ക് തോന്നിയിരുന്നങ്കിലും ഇങ്ങനെയാവും കാണുന്നത് എന്നെനിക്കും തോന്നിയില്ല. ബാഗിൽ ഒളിപ്പിച്ച നിലയിൽ കുറച്ചു പാക്കറ്റുകൾ അവന്റെ കൈയ്യിൽ ഇരുന്നു. ആൾക്കൂട്ടത്തിനിടയിലെ എന്നെയവൻ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു.എനിക്കവനെ നോക്കാൻ തോന്നിയില്ല. അതു കൊണ്ടു തന്നെ അപരിചിതരുടെ മുഖം മൂടി ആൾക്കൂട്ടത്തിനിടയിലെ ഏതൊരുവനെപ്പോലെയും ഞാനുമണിഞ്ഞു.

പാതിരാത്രിയോടെ  ഹീത്രോ - ദുബായ് വിമാനം എന്നെയും കൊണ്ടു പറന്നു.ബോധം മറയുന്നതു വരെ ഞാനന്നു കുടിച്ചു. സഹയാത്രകനോട് കയർത്തു. പിന്നെ വിൻഡോസീറ്റിന്റെ വക്കിലിരുന്ന് വിമാനത്തിന്റെ ചിറകിൽ കീറി മുറിക്കപ്പെട്ട മേഘ ച്ചുരുളുകളെ നോക്കിയിരുന്നു മയങ്ങി.ദുബായ് കൊച്ചി വിമാനത്തിൽ എന്നെ ചിലർ ചേർന്ന് കയറ്റിവിട്ടതായി ഓർക്കുന്നു.

ആരെന്നോ എന്തന്നോ ഒന്നും ഓർമയില്ല. ഒരു പാട് മുഖം മൂടികൾ വെച്ച് മാറ്റി കൈ കഴച്ചു പൊട്ടിയിരുന്നു.കൊച്ചിയിൽ എത്തിയ ഞാൻ വെറും ഗോവിന്ദനായിരുന്നു.

വീട്ടിലേയ്ക്കുള്ള യാത്രയിൽ ഞാൻ മറ്റൊരു മുഖം മൂടി തേടുകയായിരുന്നു.യാത്രകൾ ഇഷ്ടപ്പെടാത്ത ഒരു മടിയന്റെ മുഖം മൂടിയും തപ്പി കാഴ്ചകൾ കണ്ടു കൊണ്ട് ഞാനിരുന്നു. വഴിയോരത്ത് ഒരു പാട് ആളുകൾ .ചിലർ ചിരിക്കുന്നു. ചിലർ ഒരു അന്തവുമില്ലാതെ ഓടുന്നു.എനിക്കും നിനക്കും അവർക്കുമൊക്കെ ഇപ്പോഴും ഒരു മുഖംമൂടിയുണ്ട്. ആ മുഖം മൂടികളിൽ ഒരു മണമുണ്ട്,മാസമുറകളിൽ മാറി വെച്ച് ഉപേക്ഷിച്ച സാനിട്ടറി പാഡു പോലെ മണമരിക്കുന്നവയാന്നത്. വികാരം വിവേകം കുടിലത എന്നിങ്ങനെ തുടങ്ങുന്നതും തുടരുന്നതുമായ ചില ചിലന്തിവലക്കെട്ടുകൾ കൊണ്ടാണ് ആ മുഖംമൂടികൾ ഉണ്ടാക്കുന്നത് എന്ന് ഞാൻ പറഞ്ഞാൽ അത് ഏച്ചുകെട്ടലാകില്ല എന്നും ഞാനുറച്ച് വിശ്വസിക്കുന്നു. കാരണം ഈ കാലഘട്ടത്തിൽ മുഖം മൂടികളണിയാൻ നമ്മൾ നിർബന്ധിതരാവുകയാണ്. മുഖം മൂടിവെയ്ക്കാത്തവരെയെല്ലാം ആളുകൾക്ക് ഒരു തരം പുച്ഛമാണ്. പെരുവഴിയിൽ കിടക്കുന്ന പട്ടിത്തീട്ടം കാലിൽ പതിഞ്ഞ പോലുള്ള ഒരു തരം വിഹ്വലതയാണ് അങ്ങിനെ വരുന്നവർക്ക്. സ്ഥിരം കാണുന്നവരുടെ മുഖം മൂടി ഏതു നിറമാണ് എന്നറിയില്ല എന്നിരുന്നാലും നാളിതുവരെ എനിക്ക് മുന്നിലുണ്ടായ ചില മുഖംമൂടിയുടെ കഥയാണ് ഞാൻ പറഞ്ഞത്.

റെയാൻ ഗോമസിനെ ഞാൻ ഇനിയും കാണുമായിരിക്കും പക്ഷേ അപ്പോൾ എന്റെ കയ്യിൽ പുതിയ കഥകളുടെ ,കാരണങ്ങളുടെ അനേകം മുഖം മൂടികളുണ്ടാവും!!!

ഗോവിന്ദൻ